**ഭരണഭാഷ മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

**(ഹാജർ: സജീവ്. പി.പി)**

വിഷയം: ഡിഇഎസ്– ജീവനക്കാര്യം -താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ഇടുക്കി– താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 18/02/2022–ലെ സ.ഉ(കൈ) നം.4/2022/P&EA നമ്പർ സർക്കാർ ഉത്തരവ്
2. 18/07/2022–ന് ചേർന്ന ടെക്നിക്കൽ കമ്മറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്
3. ജി.ഒ(പി) നം 102/2017/ഫിൻ തീയതി 07/08/2017

**ഉത്തരവ് നമ്പർ. ഡിഇഎസ്/3165/2022–EB6 തീയതി. 04/08/2022**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ കട്ടപ്പന ആസ്ഥാനമാക്കി ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് തുറക്കുന്നതിന്, ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബധ്യത ഉണ്ടാകാതെ പുതിയ തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്തണമെന്ന ഉപാധികൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം(2) പ്രകാരം ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തിക ലഭ്യമാക്കുന്നതിലേയ്ക്കായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്പർവൈസർ(കമ്പ്യൂട്ടർ) തസ്തിക ഷിഫ്റ്റ് ചെയ്യാവുന്നതാണെന്ന് ടെക്നിക്കൽ കമ്മറ്റി അഭിപ്രായപ്പെട്ടു. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ സേവനം അടിയന്തരമായി ലഭ്യമാക്കേണ്ടതിനാൽ സർക്കാർ സാധൂകരണത്തിന് വിധേയമായി, ഡയറക്ടറേറ്റിലെ സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) തസ്തിക (താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കേഡർ) താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയായി ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേക്ക് ഷിഫ്റ്റ് ചെയ്തും, ഇതിനോടനുബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം നിയമനങ്ങൾ നൽകിയും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും ഓഫീസും | സ്ഥലം മാറ്റം നൽകി നിയമിയ്ക്കാവുന്ന തസ്തികയും ഓഫീസും |
|---|---|---|
| 1 | ശ്രീ.നിഖിൽ. എൻ.പി<br>സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്, തിരുവനന്തപുരം | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,<br>ഇടുക്കി. |
| 2 | ശ്രീമതി ജയശ്രീ. എം.എം<br>സീനിയർ സൂപ്പർവൈസർ(കമ്പ്യൂട്ടർ),<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്, തിരുവനന്തപുരം | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം<br>(ശ്രീ.നിഖിൽ.എൻ.പി-യെ സ്ഥലംമാറ്റിയ ഒഴിവ്) |

Signature valid
Digitally signed by Sajeevu P P
Date: 2022.08.04 20:32:43 IST
Reason: Approved

**DIRECTOR**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:–

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

3. ഡെപ്യൂട്ടി ഡയറക്ടർ,സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ജില്ലാ ഓഫീസ്, ഇടുക്കി
4. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഫയൽ /കരുതൽ ഫയൽ